(ഇ) ഇവർക്ക് കോൺട്രാക്ട് പണികൾ ചെയ്യുന്നതിനുള്ള എന്തെങ്കിലും രജിസ്ട്രേഷൻ ഉണ്ടായിരുന്നോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചിരുന്നോ ;

(എഫ്) സംസ്ഥാന സർക്കാർ നൽകിയ അനുവാദം പിൻവലിച്ചു കൊണ്ടുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം അനുസരിച്ച് റിസർവ്വ് വനത്തിൽകൂടി ഒഴുകുന്ന നദികളിൽ നിന്നും മണൽ ശേഖരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. കൂടാതെ ഫോറസ്റ്റ് ആക്ട് അനുസരിച്ച് അനുവാദമില്ലാതെ ഫോറസ്റ്റ് റെയ്ഞ്ച് ആഫീസറിൽ നിന്നും മണൽ നീക്കം ചെയ്യുവാനുള്ള പാസും ലഭ്യമാക്കേണ്ടതാണ്.

(ബി) മണൽ ഒരു വനോൽപ്പന്നമാണെന്നും കേരള വനതീരത്തിലെ വകുപ്പുകളനുസരിച്ച് വനോൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാണെന്നുള്ള നിയമോപദേശമനുസരിച്ച് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വരുന്നതിനുമുൻപ് പ്രവർത്തിച്ചിരുന്ന മണൽ/പാറ ശേഖരണ സെന്ററുകളിൽ ചിലത് സംസ്ഥാന സർക്കാർ അംഗീകരിച്ചിരുന്നു. പ്രസ്തുത സെന്ററുകളിൽ നിന്ന് മണൽവാരൽ ആവശ്യപ്പെട്ട അപേക്ഷകർക്ക് അനുമതി നൽകിയിരുന്നു.

(സി) ആർക്കെല്ലാമാണ് അനുവാദം കൊടുത്തിട്ടുള്ളതെന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആർക്കും അനുവാദം നൽകിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) 15-9-1998-ൽ പുറപ്പെടുവിച്ചു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

വനമേഖലയുടെ വിസ്തൃതി കുറഞ്ഞുവരുന്നതായുള്ള പരാതി

75 (2788) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വനസംരക്ഷണത്തിനുവേണ്ടിയും വനവൽക്കരണത്തിനു വേണ്ടിയും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) സ്വാതന്ത്ര്യ ലബ്ധിക്കുമുൻപ് കേരളത്തിന്റെ വനവിസ്തൃതി എത്ര ഹെക്ടറായിരുന്നുവെന്ന് വെളിപ്പെടുത്താമോ; പിന്നീട് നാളിതുവരെ ഓരോ ദശകത്തിനുശേഷവും വനവിസ്തൃതിയിൽ എന്തു കുറവു വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

† അനുബന്ധം -V

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ സംരക്ഷിത വനപ്രദേശങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കഴിഞ്ഞ 50 വർഷത്തിനിടയ്ക്ക് എത്ര ഹെക്ടർ വനങ്ങൾ സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുത്തിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) പുതിയതായി കോടതിവിധികളുടെ അടിസ്ഥാനത്തിൽ എത്ര ഏക്കർ വനഭൂമിയാണ് സ്വകാര്യവ്യക്തികൾക്ക് പതിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നത്; അത് ഏതെല്ലാം ജില്ലകളിലാണ്; ആർക്കാണ് പ്രസ്തുത വനഭൂമി പതിച്ചു കൊടുക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം ലഭ്യമാക്കാമോ ;

(ജി) വനനശീകരണം നടക്കുന്നതിനും വനവൽക്കരണം പരിപോഷിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) ഇല്ല. എങ്കിൽ തന്നെയും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് വിദഗ്ധപരിശീലനം നൽകിയും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചും കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിച്ചും വനസംരക്ഷണം കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. കൂടാതെ പശ്ചിമഘട്ട വികസന പദ്ധതി, ഷോലാ വികസന പദ്ധതി, കോംപൻസേറ്ററി അഫോറസ്റ്റേഷൻ, ഇന്റഗ്രേറ്റഡ് അഫോറസ്റ്റേഷൻ ആന്റ് ഇക്കോ ഡെവലപ്മെന്റ്, ഔഷധ തോട്ടവികസന പദ്ധതി, കേരളാ ഫോറസ്ട്രി പ്രോജക്ട് എന്നീ പദ്ധതികൾ വനവൽക്കരണത്തിനുവേണ്ടിയും വനപരിപാലനത്തിനു വേണ്ടിയും നടപ്പിലാക്കിവരുന്നു.

(സി) സ്വാതന്ത്ര്യ ലബ്ധിക്കു മുൻപ് തിരുവിതാംകൂറിന്റെ വനവിസ്തൃതി 6,23,139.253 ഹെക്ടറായിരുന്നു. പിന്നീട് ഓരോ ദശകത്തിലും കണക്കാക്കിയിരുന്ന വനവിസ്തൃതി താഴെപ്പറയും പ്രകാരമാണ്.

1956-57	8,74,799. 52 ഹെ.
1966-67	8,82,754. 52 ഹെ.
1976-77	9,17,006. 80 ഹെ.
1986-87	9,15,416. 40 ഹെ.
1996-97	9,15,715. 87 ഹെ.

1976-77 മുതൽ 1986-87 വരെയുള്ള ദശകത്തിൽ വനവിസ്തൃതി 1590 ഹെക്ടറിന്റെ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു.

(ഡി) 1998-99 വർഷത്തിൽ സംസ്ഥാനത്തെ സംരക്ഷിത വനമേഖലയുടെ വിസ്തൃതി 2,32,526 ഹെക്ടറായാണ് കണക്കാക്കിയിരിക്കുന്നത്.

(ഇ) കാർഷിക ഉന്നമനത്തിനുവേണ്ടിയും കർഷകസമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടിയും അനുബന്ധ ആവശ്യങ്ങൾക്കുവേണ്ടിയും വനഭൂമി പതിച്ചുനൽകുന്നതിനുവേണ്ടിയും 8300.785 ഹെക്ടർ നിക്ഷിപ്ത വനഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഇനി 1,066 കേസ്സുകളിലായി 13,266.09 ഏക്കർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ടതായുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	കേസ്സുകളുടെ എണ്ണം	വിസ്തീർണ്ണം
1. കണ്ണൂർ	11	415 .60
2. വയനാട്	38	892 .64
3. കോഴിക്കോട്	17	198 .57
4. മലപ്പുറം	29	750 .17
5. പാലക്കാട്	912	7,407 .67
6. തൃശ്ശൂർ	30	222. 17
7. എറണാകുളം	2	13. 84
8. കൊല്ലം	3	104. 82
9. കോട്ടയം, ഇടുക്കി	21	2,868. 01
10. തിരുവനന്തപുരം	3	394. 60
ആകെ	1,066	13,268.09

മുൻ ഉടമസ്ഥർക്ക് വനഭൂമി തിരികെ നൽകാനാണ് കോടതി ഉത്തരവ് പതിച്ചു കൊടുക്കാനല്ല.

(ജി) ചോദ്യം (ബി) യുടെ മറുപടിയിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വനവൃക്ഷത്തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി

76 (2789) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന വൃക്ഷത്തോട്ടങ്ങളിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ മേഖലയിൽ എന്തെങ്കിലും നേട്ടം കൈവരിക്കാൻ സാധിച്ചുവോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയുള്ള തേക്ക് ഉൽപാദനത്തോട്ടങ്ങളിലും പൾപ്പ് ഉല്പാദനത്തോട്ടങ്ങളിലുമാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly